IT

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3636** **17.12.2015-ൽ മറുപടി നല്കേണ്ടത്**

## നിർമ്മിതി കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സാജു പോൾ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലും സർവ്വീസ് റൂൾ നടപ്പാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കരട് സർവ്വീസ് റൂൾ സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ അതാത് ജില്ലാ കളക്ടർമാരുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പൊതുവായ (Uniform pattern ഉള്ള) ഒരു സേവന വേതന വ്യവസ്ഥ നിലവിലില്ല. ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിൽ സർവ്വീസ് റൂൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ശമ്പള പരിഷ്കരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 08/2011-ൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ അറിയിക്കുമോ ? | സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാർക്ക് 45% ഡി.എ., കൂടാതെ എച്ച്.ആർ.എ., സി.സി.എ എന്നിവ സ്കെയിൽ അനുസരിച്ച് നിലവിൽ നൽകുന്നുണ്ട്. ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഇൻസ്റ്റിറ്റ്യൂഷണൽ ഫീയിൽ നിന്നുമാണ് നൽകി വരുന്നത്. ഇ.പി.എഫ്, ഇ.എസ്.ഐ., മെഡിക്ലെയിം, ഗ്രാറ്റുവിറ്റി എന്നീ ബെനിഫിറ്റുകൾ നൽകി വരുന്നു. കൂടാതെ വർഷത്തിൽ 20 കാഷ്വൽ ലീവ്, 15 മെഡിക്കൽ ലീവ്, 75 ശൂന്യവേതന അവധി (11 ദിവസം ജോലി ചെയ്യുമ്പോൾ ഒരു ദിവസം കണക്കാക്കി മൊത്തം 75 ദിവസം വരെ) എന്നിവയും നൽകി വരുന്നു.<br><br>ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പൊതുവായ (Uniform pattern ഉള്ള) ഒരു സേവന വേതന വ്യവസ്ഥ നിലവിലില്ല. എന്നാൽ നിർമ്മിതി കേന്ദ്രങ്ങളിലെ എല്ലാ സ്ഥിരം ജീവനക്കാർക്കും EPF ഉം ESI ഉം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ